1. രാവിലെ 5.00 മണി കൽപ്പറ്റ മൈസൂർ

2. രാവിലെ 8.30 മണി കൽപ്പറ്റ - കോഴിക്കോട്

3. രാവിലെ 7.40 മണി കൽപ്പറ്റ - വെള്ളരിക്കുണ്ട്.

4. രാവിലെ 8.10 മണി കൽപ്പറ്റ - കോട്ടത്തറ

5. രാവിലെ 6.30 മണി കൽപ്പറ്റ - സൂചിപ്പാറ

6. ഉച്ചയ്ക്ക് 15.10 മണി കൽപ്പറ്റ - ബത്തേരി(ഈ സർവ്വീസ് വടകരയിൽ നിന്ന് കൽപ്പറ്റയ്ക്ക് മാറ്റിയതാണ്.)

7. ഉച്ചയ്ക്ക് 15.30 മണി കൽപ്പറ്റ -പെരിക്കല്ലൂർ-ഭരണങ്ങാനം (ഈ സർവ്വീസ് ഇപ്പോൾ സുൽത്താൻബത്തേരിയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്നു)

മാനന്തവാടി യൂണിറ്റ് :

1. ഉച്ചയ്ക്ക് 12.25 - മാനന്തവാടി -പുൽപ്പള്ളി

2. രാവിലെ 7.00 മാനന്തവാടി-പെരിക്കല്ലൂർ

3. രാവിലെ 6.00 മാനന്തവാടി-കല്ലോടി-കോഴിക്കോട്

4. രാവിലെ 7.15 മാനന്തവാടി-കരിമ്പിൽ

5. രാവിലെ 7.50 മാനന്തവാടി-കരിമ്പിൽ

സുൽത്താൻബത്തേരി യൂണിറ്റ് :

വൈകുന്നേരം 6.20 മണി - സുൽത്താൻബത്തേരി-തിരുവനന്തപുരം സൂപ്പർ ഡിലക്സ്.

കെ.എസ്.ആർ.ടി.സി.യുടെ വായ്പാ ബാദ്ധ്യത

85 (2194) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യ്ക്ക് എത്ര കോടി രൂപയുടെ വായ്പാ ബാദ്ധ്യതയുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) 2005-2010 വരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി.യുടെ ഓരോ വർഷത്തെയും വായ്പാ ബാദ്ധ്യതയുടെ കണക്ക് വെളിപ്പെടുത്തുമോ ;

(സി) കെ.എസ്.ആർ.ടി.സി. പുതുതായി ഏതെങ്കിലും ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്ന് വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏത് മാനദണ്ഡത്തിലാണ് വായ്പ എടുക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ഡി) കെ.എസ്.ആർ.ടി.സി.ക്ക് 2005-2010 വരെ പ്രതിമാസം ഉണ്ടായ നഷ്ടം വർഷം, മാസം തിരിച്ച് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലോൺ എടുത്ത വകയിൽ 30-11-2010-ലെ കണക്കിൽ ആകെ 840.76 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്.

(ബി) വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 2005-2010 കാലഘട്ടത്തിൽ എടുത്ത വായ്പയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. പ്രതിവർഷം ആയിരം ബസ്സുകൾ നിരത്തിലിറക്കുന്നതിന്റെ ഭാഗമായി 2010-11 വർഷത്തിലെ പദ്ധതിയുടെ അവസാനഘട്ടത്തിൽ ഹഡ്കോയിൽ നിന്ന് വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) കെ.എസ്.ആർ.ടി.സി. വാർഷിക കണക്കാണ് തയ്യാറാക്കുന്നത്. ആയതിനാൽ പ്രതിമാസ നഷ്ടത്തിന്റെ കണക്ക് ലഭ്യമല്ല. 2005 മുതൽ 2010 വരെയുള്ള വർഷങ്ങളിലെ വാർഷിക കണക്കനുസരിച്ചുള്ള നഷ്ടം ചുവടെ ചേർക്കുന്നു:

2004-2003	-	151.04 കോടി രൂപ
2005-2006	-	191.90 കോടി രൂപ
2006-2007	-	155.64 കോടി രൂപ
2007-2006	-	136.39 കോടി രൂപ
2008-2009	-	117.12. കോടി രൂപ
2009-2010	-	183.84 കോടി രൂപ (പ്രൊവിഷണൽ)

(ഇ) കിലോമീറ്റർ ഓപ്പറേഷൻ വർദ്ധിപ്പിച്ച് സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുക വഴി പ്രതിദിന വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രമിച്ചുവരുന്നു. ബസ്സ് വാങ്ങൽ, ബോഡി നിർമ്മാണം, ഇന്ധനചെലവ്, ടയർ, സ്പെയർപാർട്സ് എന്നിവയിൽ ഉണ്ടാകുന്ന ചെലവ് പരമാവധി കുറയ്ക്കുന്നതിന് ശ്രമിച്ചുവരുന്നു. പ്രവർത്തനേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബസ് സ്റ്റേഷനുകളോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുവരുന്നു. പരസ്യങ്ങളിൽ നിന്നുള്ള വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോർപ്പറേഷന്റെ സർവ്വീസ് ഓപ്പറേഷൻ ലാഭകരമായി നടത്തുന്നുണ്ടെങ്കിലും മുൻ ബാധ്യതകൾ, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ കോർപ്പറേഷൻ ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്നതുമൂലവും ഡീസൽ, സ്പെയർ പാർട്സുകൾ എന്നിവയുടെ വില വർദ്ധനവ് മൂലവും കോർപ്പറേഷന്റെ പ്രവർത്തനം ഇപ്പോൾ നഷ്ടത്തിലാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly